## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3622** **15.05.2017-ൽ മറുപടിയ്ക്ക്**

### സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.ദിവാകരൻ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| | സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | | സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കായി അടിസ്ഥാന മേഖലയിലെ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ആവശ്യകത കണക്കിലെടുത്ത് സർക്കാർ രൂപം നൽകിയ പദ്ധതിയാണ് സ്പീഡ് കേരളാ പദ്ധതി (Sustainable and Planned Effort to Ensure Infrastructure Development). സ്പീഡ് കേരള പദ്ധതി കെ.ആർ.എഫ്.ബി(കേരള റോഡ് ഫണ്ട് ബോർഡ്)നെയാണ് ഏൽപ്പിച്ചിരിക്കുന്നത്.<br>സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |

സെക്ഷൻ ഓഫീസർ